LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് ബോർഡ് നൽകിയിട്ടുള്ള ലോണുകൾ

270 [3248] *ശ്രീ. പി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് രൂപീകൃതമായതിനുശേഷം എത്ര ആളുകൾക്ക് ലോൺ കൊടുത്തു;

(ബി) ഇതിൽ എത്രപേർ കൃത്യമായി ലോൺ തിരിച്ചടച്ചു;

(സി) ലോൺ തിരിച്ചടയ്ക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചതിൽ എത്രപേർ ഭവനരഹിതരായി;

(ഡി) ഇപ്പോൾ ലോൺ എടുത്ത എത്രപേർ ആർ. ആർ. നേടിടുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 626,801 പേർക്ക് ഭവനവായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) — (ഡി) വിവരം ശേഖരിച്ചുവരുന്നു.

കൃഷിഭൂമിയുടെ ഉടമസ്ഥരായ കർഷകത്തൊഴിലാളികൾ

271 [3249] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമിയുടെ ഉടമസ്ഥരായി എത്ര കർഷകത്തൊഴിലാളികൾ കേരളത്തിലുണ്ട്; അവരിലോരോരുത്തരുടെയും ഉടമസ്ഥതയിലുള്ള കൃഷിഭൂമിയുടെ വിസ്തൃതി, ഏറ്റവും കുറഞ്ഞ വിസ്തൃതിയും, ഏറ്റവും കൂടിയ വിസ്തൃതിയും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷിഭൂമിയുടെ ഉടമസ്ഥരല്ലാത്ത എത്ര കർഷകത്തൊഴിലാളികൾ സംസ്ഥാനത്തുണ്ട്;

(സി) കർഷകത്തൊഴിലാളികളെ കൃഷിഭൂമിയുടെ ഉടമസ്ഥരാക്കി മാറ്റുക എന്ന സ്വാതന്ത്ര്യസമരകാലത്തെ കറാച്ചി കോൺഗ്രസിന്റെ പ്രമേയത്തിന്റെ ലക്ഷ്യം സാധിതപ്രായമാകത്തക്ക തരത്തിൽ പരിഷ്കരണനിയമം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

റോഡ് വീതികൂട്ടുവാൻ ഭൂമി ഏറ്റെടുക്കുന്നതിന്റെ സർവ്വേ

272 [3250] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തിരുവങ്ങാട് ചമ്പാട് റോഡിൽ മാക്കുനിമീത്തലെ ചമ്പാട് റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിന്റെ സർവ്വേ ഉടൻ നടത്താൻവേണ്ടി സ്ഥലം എം. എൽ. എ. നൽകിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) എന്നത്തേക്ക് സർവ്വേ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലൊരു നിവേദനം സ്ഥലം എം. എൽ. എ. യിൽനിന്നും കണ്ണൂർ ജില്ലാകളക്ടർക്ക് ലഭിച്ചിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽനടപടികൾ കൈക്കൊള്ളുന്നതാണ്.

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ

273 [3251] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
„ *എ. സി. മൊയ്തീൻ:*
„ *പി. ജയരാജൻ:*
„ *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഇതുവരെ സംസ്ഥാനത്തുണ്ടായ നഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ മേഖലയിലും ഉണ്ടായ നഷ്ടങ്ങളുടെ വിശദവിവരം വെളിപ്പെടുത്താമോ;

(ബി) കാലവർഷക്കെടുതിക്കിരയായവർക്കും വീട് നഷ്ടപ്പെട്ടവർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്കും എന്തു സഹായമാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

GPM. 2/609/2012—37

LIBRARY ARCHIVES Kerala Legislative Assembly